# സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം

## സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ

(ഹാജർ:ശ്രീമതി. അദീല അബ്ദുള്ള ഐ.എ.എസ്., വനിതാ ശിശു വികസന ഡയറക്ടർ & മെമ്പർ സെക്രട്ടറി (SCPS))

വിഷയം :- വനിതാ ശിശു വികസന വകുപ്പ് - ICPS – ശരണബാല്യം പദ്ധതി - എറണാകുളം ജില്ലാ റെസ്ക്യൂ ഓഫീസറുടെ ആഗസ്റ്റ് മാസത്തെ അധികദിവസത്തെ വേതനവും സെപ്റ്റംബർ മാസം വിടുതൽ ചെയ്തതു വരെയുമുള്ള വേതനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) സർക്കാർ ഉത്തരവ് നമ്പർ 315/2021/SJD തീയതി 17.05.2021
2) 15.09.2021 ലെ എറണാകുളം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ കത്ത് നമ്പർ. ഡി.സി.പി.യു./ഇ/1007/21 .

**ഉത്തരവ് നമ്പർ – ICPS - 3/1621/2021 തീയതി : 25.09.2021**

വനിത ശിശു വികസന വകുപ്പിനു കീഴിലുള്ള സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ഭാഗമായി ബാലവേല - ബാലഭിക്ഷാടനം - തെരുവ് ബാല്യമുക്ത കേരളം എന്ന ലക്ഷ്യത്തിനായി രൂപീകരിച്ച ശരണബാല്യം പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിലാക്കി വരുന്നു. 2021 - 2022 സാമ്പത്തിക വർഷം പദ്ധതി പ്രവർത്തനം തുടരുന്നതിനുള്ള ഭരണാനുമതി പരാമർശപ്രകാരം ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.

ശരണബാല്യം പദ്ധതിയുടെ ഭാഗമായി എറണാകുളം ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ ദിവസവേതനാടിസ്ഥാനത്തിൽ 01.06.2021 മുതൽ ശ്രീമതി.ദിവ്യ നിക്സൺ റെസ്ക്യൂ ഓഫീസറായി ചുമതലയേറ്റതായും ടിയാൾ സെപ്റ്റംബർ മാസം 10-ാം തീയതി ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ നിന്നും വിടുതൽ ചെയ്തതായും ടിയാന്റെ ആഗസ്റ്റ് മാസത്തെ 18 ദിവസത്തെ വേതനവും സെപ്റ്റംബർ മാസത്തെ 9 ദിവസത്തെ വേതനവും കൂടാതെ ഉത്സവബത്തയും ചേർത്ത് ആകെ 17,400/രൂപ ആവശ്യമാണെന്നും ആയതിൽ 10,200/രൂപ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ അവശേഷിയ്ക്കുന്നുണ്ടെന്നും ബാക്കി തുകയായ 7,210/രൂപ അനുവദിച്ചു തരണമെന്നും പരാമർശം (2) പ്രകാരം എറണാകുളം ജില്ലാ ശിശു സംരക്ഷണ ഓഫീസർ അറിയിച്ചിട്ടുണ്ട്. അനുവദിയ്ക്കേണ്ട തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ റെസ്ക്യൂ ഓഫീസറിന് വേതനയിനത്തിൽ അനുവദിയ്ക്കേണ്ട തുക | ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ അവശേഷിയ്ക്കുന്ന തുക | നിലവിൽ അനുവദിയ്ക്കേണ്ട തുക |
|---|---|---|
| 17,400/രൂപ | 10,200/രൂപ | 7,210/രൂപ |

ടി സാഹചര്യത്തിൽ എറണാകുളം ജില്ലയിലെ ശരണബാല്യം പദ്ധതിയുടെ റെസ്ക്യൂ ഓഫീസറായി ദിവസവേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി.ദിവ്യ നിക്സണിന് ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ വേതനം അനുവദിയ്ക്കുന്നതിനായി ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ അവശേഷിപ്പുള്ള 10,200/രൂപയോടൊപ്പം അധികമായി

ആവശ്യമായ 7,210/രൂപ (**ഏഴായിരത്തി ഇരുന്നൂറ്റി പത്ത് രൂപ മാത്രം**) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു. ടി തുക എറണാകുളം ജില്ലാ വനിത ശിശു വികസന ഓഫീസർ മുഖാന്തിരം ജില്ലാ ശിശു സംരക്ഷണ ഓഫീസറിന് അലോട്ട്മെന്റായി നൽകേണ്ട തും ആയത് നടപ്പ് സാമ്പത്തിക വർഷത്തിലെ ഐ.സി.പി.എസ്.ന്റെ നൂതന പദ്ധതികൾക്കായി സർക്കാർ അനുവദിച്ചിട്ടുള്ള ശീർഷകമായ 2235 – 02 – 102- 36 (P) 02 ൽ നിന്നും അനുവദിയ്ക്കേണ്ടതുമാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ തുക കൈപ്പറ്റി എറണാകുളം ജില്ലയിലെ ശരണബാല്യം റെസ്ക്യൂ ഓഫീസറായ ശ്രീമതി.ദിവ്യ നിക്സൺ ഹാജരായ ദിവസങ്ങൾ കണക്കാക്കി വേതനയിനത്തിൽ ആകെ 17,400/രൂപ അനുവദിയ്ക്കേണ്ടതും തുകയുടെ കൈപ്പറ്റ് രസീത്, എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്, ധനവിനിയോഗ സർട്ടിഫിക്കറ്റ് തുടങ്ങി യവ ഈ കാര്യാലയത്തിൽ സമർപ്പിയ്ക്കേണ്ടതാണ്.

(ഒപ്പ്)
**വനിത ശിശു വികസന ഡയറക്ടർ &**
**മെമ്പർ സെക്രട്ടറി, SCPS.**

- **ജില്ലാ വനിത ശിശു വികസന ഓഫീസർ, എറണാകുളം.**
- **ജില്ലാ ശിശു സംരക്ഷണ ഓഫീസർ, എറണാകുളം.**

**പകർപ്പ്:**

- സൂപ്രണ്ട്, അലോട്ട്മെന്റ് സെക്ഷൻ
- ICPS - 4
- സ്റ്റോക്ക് ഫയൽ
- Website

**ഉത്തരവിൻ പ്രകാരം**

**സൂപ്രണ്ട്**